**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 553** **08-10-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാരിൽ നിന്നുള്ള നികുതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാരിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാനത്തിന് അനുവദിച്ച നികുതിവിഹിതവും നികുതി വിഹിതത്തിൽ ഉണ്ടായിട്ടുള്ള വർദ്ധന നിരക്കും മറ്റ് സംസ്ഥാനങ്ങൾക്ക് ഇതേ കാലയളവിൽ അനുവദിച്ച നികുതി വിഹിതവുമായി താരതമ്യം ചെയ്തിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനങ്ങൾക്ക് അനുവദിച്ച നികുതി വിഹിതവും നികുതി വിഹിതത്തിലുണ്ടായിട്ടുള്ള വർദ്ധന നിരക്കും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപനങ്ങളും മുഖേനയുള്ള കേന്ദ്ര ധനസഹായ പദ്ധതികളുടെ അൻപത്തിയഞ്ച് ശതമാനം ചില സംസ്ഥാനങ്ങൾക്ക് മാത്രമായി നീക്കിവച്ചുകൊണ്ട് മറ്റ സംസ്ഥാനങ്ങളെ മാറ്റി നിർത്തുന്നുവെന്ന് റിസർവ്വ് ബാങ്ക് ഈ വർഷം പുറത്തിറക്കിയ പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപനങ്ങളും മുഖേനയുള്ള കേന്ദ്ര ധനസഹായ പദ്ധതികളുടെ അൻപത്തിയഞ്ച് ശതമാനം ചില സംസ്ഥാനങ്ങൾക്ക് മാത്രമായി നീക്കിവച്ചുകൊണ്ട് മറ്റു സംസ്ഥാനങ്ങളെ മാറ്റി നിർത്തുന്നുവെന്ന റിസർവ്വ് ബാങ്കിന്റെ പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സ്വകാര്യ കോർപ്പറേറ്റുകൾ, ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്ന പ്രോജക്റ്റുകളുടെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ചെലവിന്റെ 55 ശതമാനവും ഗുജറാത്ത്, മഹാരാഷ്ട്ര, ആന്ധ്രപ്രദേശ്, കർണ്ണാടക, ഉത്തർ പ്രദേശ് എന്നീ അഞ്ച് സംസ്ഥാനങ്ങളിലാണെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ 2024 ആഗസ്റ്റ് മാസം പ്രസിദ്ധീകരിച്ച ബുള്ളറ്റിനിലെ ആർട്ടിക്കിളിൽ പ്രതിപാദിക്കുന്നുണ്ട്. |
| (സി) | കേന്ദ്രസർക്കാർ നയങ്ങളുടെ ഫലമായുണ്ടായിട്ടുള്ള സാമ്പത്തിക സ്ഥിതിവിശേഷം തരണം ചെയ്യുന്നതിനായി സ്വീകരിച്ച് വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ? | (സി) | കേന്ദ്ര ധന കൈമാറ്റത്തിൽ വന്ന ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് സൃഷ്ടിച്ച ധന ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ പെൻഷൻ അടക്കമുള്ള ക്ഷേമ പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കാൻ നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണം വരുത്തുവാൻ സർക്കാർ നിർബന്ധിതമായിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ |

| | | | |
|---|---|---|---|
| | | | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും പൂർണ്ണമായും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വിദേശയാത്ര, വിമാനയാത്ര, ടെലിഫോൺ ചാർജ്ജ്, തസ്തിക സൃഷ്ടിക്കൽ, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## Comparison Statement of Share of Central Taxes

| **State** | **2017-18** | **2018-19** | **2019-20** | **2020-21** | **2021-22** | **Average Growth** |
|---|---|---|---|---|---|---|
| Andhra Pradesh | 26074 | 32141 | 28242 | 24461 | 35386 | 10.60 |
| Arunachal Pradesh | 8307 | 10231 | 8988 | 10466 | 14644 | 16.84 |
| Assam | 20050 | 24719 | 21721 | 18629 | 28151 | 12.01 |
| Bihar | 58511 | 72153 | 63421 | 59861 | 91353 | 14.55 |
| Chhattisgarh | 18660 | 22997 | 20206 | 20338 | 28571 | 13.06 |
| Goa | 2287 | 2878 | 2589 | 2297 | 3357 | 12.67 |
| Gujarat | 18685 | 23027 | 20232 | 20219 | 31106 | 16.22 |
| Haryana | 6560 | 8092 | 7112 | 6438 | 9722 | 13.20 |
| Himachal Pradesh | 4316 | 5323 | 4678 | 4754 | 7349 | 16.86 |
| Jharkhand | 19009 | 23906 | 20593 | 19712 | 27735 | 12.08 |
| Karnataka | 28547 | 35188 | 30919 | 21694 | 33284 | 8.68 |
| **Kerala** | **15133** | **18663** | **16401** | **11560** | **17820** | **8.96** |
| Madhya Pradesh | 45721 | 56355 | 49518 | 46914 | 69542 | 13.52 |
| Maharashtra | 33465 | 41150 | 36222 | 36504 | 54318 | 15.14 |
| Manipur | 3735 | 4595 | 4045 | 4269 | 6003 | 14.30 |
| Meghalaya | 3887 | 4793 | 4212 | 4552 | 6581 | 15.96 |
| Mizoram | 2784 | 3434 | 3018 | 3011 | 4223 | 12.81 |
| Nagaland | 3014 | 3718 | 3265 | 3407 | 4871 | 14.62 |
| Odisha | 28116 | 34657 | 30453 | 27543 | 38145 | 10.02 |
| Punjab | 9545 | 11769 | 10346 | 10638 | 15289 | 14.44 |
| Rajasthan | 33292 | 41028 | 36049 | 35576 | 54031 | 15.42 |
| Sikkim | 2385 | 2740 | 2296 | 2302 | 3288 | 10.44 |
| Tamil Nadu | 24364 | 30035 | 26392 | 24925 | 37459 | 13.97 |
| Telangana | 14763 | 18195 | 15988 | 12692 | 18721 | 9.50 |
| Tripura | 3886 | 4793 | 4212 | 4474 | 6351 | 14.85 |
| Uttarakhand | 6370 | 7854 | 6902 | 6569 | 9906 | 14.29 |
| Uttar Pradesh | 108727 | 134073 | 117818 | 106687 | 160358 | 13.01 |
| West Bengal | 44341 | 54677 | 48048 | 44737 | 65541 | 12.70 |

Source: State Finances - A Study of Budgets by RBI (upto 2023-24)